## ശ്രദ്ധക്ഷണിക്കൽ

### <u>വർദ്ധിച്ചുവരുന്ന ആത്മഹത്യകൾ</u>

<u>ശ്രീ. സി. പി. മുഹമ്മദ്:</u> സർ, 2011-ൽ ലക്ഷത്തിൽ 25.3 പേർ കേരളത്തിൽ ആത്മഹത്യ ചെയ്തുവെന്നാണ് ക്രൈം റിക്കോർഡ് ബ്യൂറോയുടെ കണക്ക്. 2010-ൽ അത് 24.6 പേരായിരുന്നു. രാജ്യത്ത് ആത്മഹത്യയുടെ കാര്യത്തിൽ കേരളം അഞ്ചാം സ്ഥാനത്ത് എത്തി നിൽക്കുകയാണ്. വ്യാപകമായിക്കൊണ്ടിരിക്കുന്ന ഈ ആത്മഹത്യാവർദ്ധനവ് കാർഷിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ടുമാത്രമാണ് നമ്മൾ ചർച്ച ചെയ്യാറുള്ളത്. കുടുംബപ്രശ്നങ്ങൾ 44.6 ശതമാനമാണ് എന്നാണ് ഒരു പഠനം തെളിയിക്കുന്നത്. പരീക്ഷയിലെ തോൽവിക്കുപോലും നമ്മുടെ കുട്ടികൾ ആത്മഹത്യ ചെയ്യുന്ന പ്രവണത ഏറിവരികയാണ്. (ബഹളം)....................

പ്രതിപക്ഷ നേതാവ് <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):</u> സർ, ................... (ബഹളം)...............

<u>മി. സ്പീക്കർ:</u> യെസ്... യെസ്... നിങ്ങൾ ബഹളമുണ്ടാക്കുന്നതിന് പ്രതിപക്ഷനേതാവിനെ ആയുധമാക്കരുത്. അദ്ദേഹത്തിന് സംസാരിക്കാം. പ്രതിപക്ഷ നേതാവിന് എപ്പോഴും സംസാരിക്കാവുന്നതാണ്. പ്രതിപക്ഷ നേതാവിന് കൊടുക്കുന്ന ബഹുമാനം ദയവുചെയ്ത് പ്രതിപക്ഷാംഗങ്ങൾ ഒരു ആയുധമാക്കിയെടുക്കരുത്. പ്ലീസ്.. പ്രതിപക്ഷനേതാവിന് സംസാരിക്കാം.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):</u> സർ, കേരള നിയമസഭയിലെ ഒരംഗത്തേയും മുൻ അംഗമായിരുന്ന ശ്രീ. പി. ജയരാജനേയും കള്ളക്കേസ്സിൽ കുടുക്കി ജയിലിലടച്ചിരിക്കുന്ന സാഹചര്യത്തിന്റെ ഗൗരവ്വം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് വേണ്ടിയാണ് അടിയന്തരപ്രമേ

യമായി അത് കൊടുത്തത്. അത് കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നുവെന്നുള്ള നിലയിൽ കോടതിയുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതുപോലെ വന്നേക്കാമെന്നതിന്റെ അടിസ്ഥാനത്തിൽ അങ്ങ് അത് നിഷേധിച്ചിരിക്കുകയാണ്. പോലീസിന്റെയോ, കോടതിയുടെയൊ കാര്യമൊന്നുമല്ല പറയാനുദ്ദേശിച്ചത്. പോലീസ് അനാവശ്യമായി കേസ്സിൽ കുടുക്കിയതിനെ സംബന്ധിച്ച് പറയാനാണ് ഉദ്ദേശിച്ചത്. അതിനുപോലും അവസരമുണ്ടായില്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റിന്റെ ഈ നടപടിയിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ വാക്കൗട്ട് നടത്തി)

ശ്രീ. സി. പി. മുഹമ്മദ്: സർ, പരീക്ഷയുടെ തോൽവിയുടെ പേരിൽ പോലും കുട്ടികൾ ആത്മഹത്യചെയ്യുന്ന പ്രവണത നമ്മുടെ രാജ്യത്ത് കണ്ടുവരുന്നു. പുതുശ്ശേരിയിൽ 44.8-ഉം ആൻഡമാനിൽ 35.8-ഉം സിക്കിമിൽ 30.3-ഉം ഛത്തീസ്ഗഡിൽ 26.5-ഉം ആണ് ആത്മഹത്യാനിരക്ക്. കൊച്ചിയിൽ 7.2% സാമ്പത്തിക കാരണങ്ങളാലും മലപ്പുറത്ത് 41.7% മാനസികാസ്വാസ്ഥ്യംമൂലവും ആത്മഹത്യ ചെയ്യുന്നുവെന്നാണ് പറയുന്നത്. 14 വയസ്സുവരെയുള്ള വിഭാഗത്തിൽ 29 ആൺകുട്ടികളും 36 പെൺകുട്ടികളും കേരളത്തിൽ ആത്മഹത്യചെയ്തു. ഏറ്റവും കൂടുതൽ തൂങ്ങിമരണം 33.3 ശതമാനമാണ് ദേശീയ കണക്കെങ്കിൽ കേരളത്തിലേത് 57 ശതമാനമാണ്. കാലാവസ്ഥാ പ്രവചനംപേലെയോ കമ്പോള നിലവാരംപോലെയോ ആണ് ആത്മഹത്യാനിരക്കുകൾ നമ്മുടെ മാധ്യമങ്ങളിൽ കൊടുത്തുകൊണ്ടിരിക്കുന്നത്. വൈദ്യശാസ്ത്ര കാരണങ്ങളും മാനസിക കാരണങ്ങളും സാമ്പത്തിക കാരണങ്ങളും

കുടുംബബന്ധങ്ങളുടെ ശൈഥില്യവും ആത്മഹത്യചെയ്യാൻ ആ വ്യക്തിക്ക് ഒടുവിലുണ്ടായ കാരണമല്ല. നിരവധി കാരണങ്ങളുടെ കൂട്ടായ്മയുണ്ട്. ജൈവശാസ്ത്രപരവും പാരമ്പര്യവും സാമൂഹികവുമായ കാരണ ങ്ങൾകൊണ്ടും ചുറ്റുപാടുകളുടെ സ്വാധീനം കൊണ്ടുമാണ് ആത്മഹത്യനട ക്കുന്നത്.

മി. സ്പീക്കർ: യെസ്, യെസ്.. ശ്രീ. സി.പി. മുഹമ്മദ്.......

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ അവസാനിപ്പിക്കാം. 80% പേർക്കും മാനസികാരോഗ്യപ്രശ്നങ്ങളുണ്ട്. ഉപഭോഗ സംസ്കാരം, സാർവ്വത്രിക മത്സരം, വിഷാദരോഗം, മദ്യം, മയക്കുമരുന്ന്, അടിമത്വം, പ്രതിസന്ധികളെ അതിജീവിക്കാനുള്ള കഴിവില്ലായ്മ തുടങ്ങിയവയും കാരണങ്ങളാണ്. ധാർമ്മികമായ ബോധവും ദൈവ വിശ്വാസവും മനുഷ്യനെ ജീവിക്കാൻ പ്രേരിപ്പിച്ചിരുന്നു. പക്ഷെ, മതവിശ്വാസംപോലും ഇന്ന് വരേണ്യവർഗ്ഗം കീഴട ക്കിക്കൊണ്ടിരിക്കുന്ന സന്ദർഭമാണിത്. ഇന്ന് ഈശ്വരനെയല്ല കോടീശ്വരനെ യാണ് മതസംഘടനകൾപോലും നമിക്കുന്നത്. ഇങ്ങനെ ധർമ്മബോധത്തില ധിഷ്ഠിതമായ ജീവിതം നയിക്കുവാനും വ്യക്തികൾക്ക് സാധിക്കുന്നില്ല. ജാതിയോ മതമോ യു.ഡി.എഫ്. എൽ.ഡി.എഫ് വ്യത്യാസമോ ഇതൊന്നും ഇതിന് പ്രശ്നമല്ല. ആത്മഹത്യയെ മുഖാമുഖം കണ്ടുനിൽക്കുന്നവന് ആശ്ര യമാണ് ആവശ്യം. ഒരു ആത്മഹത്യ ചുരുങ്ങിയത് പത്തുപേരെ ദുരിതത്തിലാ ക്കുന്നു. ജപ്തി ഒഴിവാക്കിക്കൊടുത്തുകൊണ്ടുള്ള പോംവഴി ശാശ്വത പരിഹാരമല്ല. ആത്മഹത്യാപ്രവണതയുള്ളവർക്ക് അത് ഉണ്ടാകുമ്പോൾ ബന്ധപ്പെടാൻ ഫോൺ നമ്പറുകളും അറ്റത്ത് കൗൺസിലർമാരും വേണം. ഗൾഫ് രാജ്യങ്ങളിൽ ആത്മഹത്യ ഇപ്പോൾ കൂടിക്കൊണ്ടിരിക്കുന്നു. വട്ടിപ്പലി

ശയ്ക്ക് പണം വാങ്ങുകയും ജോലി നഷ്ടപ്പെടുകയും വിസതട്ടിപ്പിലകപ്പെടുകയും ചെയ്യുന്നവരുടെ എണ്ണം ഗൾഫിൽ കൂടുകയും ആത്മഹത്യാനിരക്ക് വർദ്ധിക്കുകയും ചെയ്യുകയാണ്. പഴയ കാലത്തെ ഇടപ്പള്ളി രാഘവൻ പിള്ള.....

മി. സ്പീക്കർ: യെസ്.. യെസ്... ശ്രീ. സി.പി. മുഹമ്മദ്.. ഇന്ന് 50 സബ്മിഷനുകളുണ്ട്. പ്ലീസ് കൺക്ലൂഡ്

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ അവസാനിപ്പിക്കാം. ഈ സമയം കൊണ്ട് കൺക്ലൂഡ് ചെയ്യാം. കേവലം ഒരു കർഷകാത്മഹത്യ മാത്രമല്ല കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇതിന്റെ കാരണങ്ങളെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തി ഒരു ഗവൺമെന്റ് എന്നുള്ള നിലയിൽ ഇതിനുള്ള പരിഹാരങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ഒരു പഠനം ആദ്യമായി നടത്തുകയും ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, ജീവശാസ്ത്രം, പാരമ്പര്യം, സാമൂഹ്യം, സാസ്കാരികം, പരിസര ബന്ധിതം തുടങ്ങിയ പല കാരണങ്ങളാൽ സങ്കീർണ്ണമായ പ്രവർത്തനങ്ങളുടെ പരിണിതഫലമാണ് ആത്മഹത്യ. വർഷത്തിൽ ലോകത്ത് ഒരു മില്യൺ ആളുകൾ ആത്മഹത്യ ചെയ്യുന്നു. ലോകത്ത് സായുധ പോരാട്ടങ്ങളിൽ മരിക്കുന്നതിനെക്കാൾ ആളുകൾ ആത്മഹത്യ ചെയ്യുന്നു എന്നാണ് കണക്കുകൾ പറയുന്നത്. 2020 ആകുമ്പോൾ 1.53 മില്യൺ ആളുകൾ വർഷത്തിൽ ആത്മഹത്യ ചെയ്യുമെന്ന് കണക്കുകൾ പറയുന്നു. ആകെ മരണങ്ങളുടെ 2.4 ശതമാനം ആത്മഹത്യ ആയിരിക്കും. ആത്മഹത്യാ നിരക്ക് സംബന്ധിച്ച് കേരള

സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ 2001 മുതൽ 2011 വരെയുള്ള കണക്കുകൾ കേരളത്തിൽ ആത്മഹത്യാ പ്രവണത വർദ്ധിച്ചുവരുന്നതായി കാണിക്കുന്നില്ല. ഒരു ലക്ഷം ആളുകൾക്ക് 2001-ൽ 30 പേർ ആയിരുന്നുവെങ്കിൽ 2002-ൽ അത് 30.47 ആയിരുന്നു. എന്നാൽ 2011-ൽ 25.25-ൽ എത്തി നിൽക്കുകയാണ്. എന്നാൽ ഇന്ത്യയിലെ ശരാശരി ആത്മഹത്യ നിരക്കിനെക്കാൾ 2.3 ഇരട്ടിയാണ് കേരളത്തിലെ ആത്മഹത്യാ നിരക്ക് എന്ന് കണക്കുകൾ പറയുന്നു. ഒരു ദിവസം ശരാശരി 23 ആളുകൾ ആത്മഹത്യ ചെയ്യുന്നു. ഇതിൽ 16 പേർ പുരുഷൻമാരും 7 പേർ സ്ത്രീകളുമാണ്. പുരുഷന്മാരുടേയും സ്ത്രീകളുടേയും കണക്കെടുത്താൽ സ്ത്രീകളെക്കാൾ കൂടുതൽ പുരുഷന്മാരാണ് ആത്മഹത്യ ചെയ്യുന്നത്. സാധാരണ ദുർബല ഹൃദയരാണ് സ്ത്രീകളെന്ന് പറയുന്നുണ്ടെങ്കിലും ആത്മഹത്യയുടെ കാര്യത്തിൽ പുരുഷനാണ് ദുർബലനെന്ന് ബോധ്യപ്പെടുത്തുന്ന രീതിയിൽ ആത്മഹത്യാ നിരക്ക് പുരുഷന്മാർക്കിടയിൽ കൂടുതലാണ്. കൗമാരപ്രായക്കാരുടെ എണ്ണം നോക്കിയാൽ പെൺകുട്ടികളാണ് കൂടുതൽ ആത്മഹത്യ ചെയ്യുന്നതെന്നാണ് കണക്കുകൾ പറയുന്നത്. ആത്മഹത്യയ്ക്കുള്ള പ്രധാന കാരണം, ഗാർഹിക പ്രശ്നങ്ങൾ കാരണം 2010 - ൽ 42 ശതമാനം, ശാരീരിക അനാരോഗ്യം കാരണം 16 ശതമാനം, മാനസിക രോഗങ്ങൾ കാരണം 15 ശതമാനം, സാമ്പത്തിക പ്രശ്നങ്ങൾ കാരണം 5.2 ശതമാനം, ലഹരി ഉപയോഗം കാരണം 3.4 ശതമാനം, പ്രേമ നൈരാശ്യം കാരണം 1.6 ശതമാനം, തൊഴിലില്ലായ്മ കാരണം 02 ശതമാനം, തൊഴിലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണം 02 ശതമാനം, ഇതര കാരണങ്ങൾമൂലം 15. 7 ശതമാനം എന്നിങ്ങനെയാണ്

ആത്മഹത്യയുടെ എണ്ണം. കുടുംബ പ്രശ്നങ്ങൾ, സാമൂഹ്യ പ്രശ്നങ്ങൾ, വ്യക്തിപരമായ നഷ്ടങ്ങൾ, പ്രേമ നൈരാശ്യം, പരീക്ഷയിലെ തോൽവി, വൈകാരിക അസന്തുലിതാവസ്ഥ, നിരാശ, സാമ്പത്തിക പ്രതിസന്ധി, സഹന ശക്തിയില്ലായ്മ, മദ്യവും മയക്കുമരുന്നും, മരണാസന്നമായ ശാരീരികാസ്വാസ്ഥ്യം, തൊഴിൽ പ്രശ്നങ്ങൾ, മത്സരാധിഷ്ഠിതമായ ജീവിത ശൈലി, ഉപഭോക്തൃ തൃഷ്ണ, മൂല്യ വ്യസ്ഥയിൽ മാറ്റം, സാമ്പത്തിക നയത്തിലെ മാറ്റം, മാധ്യമ സ്വാധീനം, കുട്ടികളെക്കുറിച്ചുള്ള ഉത്കണ്ഠ, ഉപഭോക്തൃ സംസ്കാരം, മാനസിക രോഗം, മദ്യപാന ശീലം എന്നിവയാണ് കുടുംബ ആത്മഹത്യകളുടെ പ്രധാന കാരണം. കേരളത്തിലെ ആത്മഹത്യയിലെ ചില സവിശേഷതകൾ 80 ശതമാനം ആത്മഹത്യയും 15 വയസ്സിനും 59 വയസ്സിനും ഇടയ്ക്കുള്ള പ്രായക്കാരിലാണ്. 14 വയസ്സിന് താഴെയുള്ള കുട്ടികളിൽ ശരാശരി ആത്മഹത്യയുടെ എണ്ണം 65 ആണ്. അതിൽ പെൺകുട്ടികൾ ശരാശരി 36 -ഉം ആൺകുട്ടികൾ ശരാശരി 29- ഉം ആണ്. 15-നും 29-നും ഇടയിൽ പ്രായമുള്ള യുവതികളിൽ ആത്മഹത്യാ പ്രവണത കൂടുതൽ കണ്ടുവരുന്നു. 45 വയസ്സിനും 60 വയസ്സിനും ഇടയിലുള്ളവരുടേയും ആത്മഹത്യാ പ്രവണത വർദ്ധിച്ചുവരുന്നതായി കാണുന്നുണ്ട്. ബോധവത്ക്കരണ പരിപാടികൾ -

കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ്, കിഷോരി ശക്തിയോജന, രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസൻസ് ഗേൾസ്, സബല എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ, ലഹരി വിമോചന കേന്ദ്രങ്ങൾക്ക് കേന്ദ്ര സഹായം, അംഗൻവാടി കേന്ദ്രങ്ങളിലൂടെ അംഗങ്ങൾക്ക് പ്രതിമാസ സംഗമം എന്നിവയിലൂടെ ആത്മഹത്യാ പ്രവണതകളെക്കുറിച്ച് അവബോധം നൽകുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷനും, നാഷ

ണൽ റൂറൽ ഹെൽത്ത് മിഷനും, ഇംഹാൻസും ആരോഗ്യവുകുപ്പിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലും യോജിച്ച് യൂണിസെഫിന്റെ സഹായത്തോടെ ദേശീയ തലത്തിലും മേഖലാ തലത്തിലും ശില്പശാലകൾ സംഘടിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന്റെ പ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പ് നടത്തുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിച്ചുകൊണ്ട് ആത്മഹത്യാ വിരുദ്ധ ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നു. ഇതിൽ സ്പെയ്സ് കണ്ടെത്തിയിട്ടുള്ള ചില കാര്യങ്ങളുണ്ട്. ഒന്ന്, മീഡിയ ആത്മഹത്യകളെ വല്ലാതെ പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ വരുന്നു. അതുകൊണ്ട് ഇപ്പോൾ ഡബ്ല്യൂ.എച്ച്.ഒ. തന്നെ പറഞ്ഞിട്ടുണ്ട്, മീഡിയകളിൽ ആത്മഹത്യ റിപ്പോർട്ട് ചെയ്യുമ്പോൾ ആദ്യ പേജിൽ ആത്മഹത്യാ റിപ്പോർട്ടുകൾ കൊടുക്കാതിരിക്കുക, ആത്മഹത്യാ ചിത്രങ്ങൾ വരാതെ സൂക്ഷിക്കുക, സെലിബ്രിറ്റികൾ ആത്മഹത്യ ചെയ്യുമ്പോൾ അതിനെ കൊട്ടിഘോഷിക്കാതിരിക്കുക എന്നിവയാണ്. പിന്നെ ഈ പഠനത്തിൽ കണ്ടിട്ടുള്ള വേറൊരു സവിശേഷത രാഷ്ട്രീയക്കാരുടെ ഇടയിൽ ആത്മഹത്യ വളരെ കുറവാണെന്നാണ് സ്പെയ്സിന്റെ പഠനം തെളിയിച്ചിരിക്കുന്നത്. രാഷ്ട്രീയക്കാർ യാതൊരു കാരണവശാലും മറ്റുള്ളവർക്ക് യാതൊരു സാധ്യതയും നൽകാത്ത രീതിയിൽ.... ആത്മഹത്യാക്കുറവ് രാഷ്ട്രീയക്കാർക്കിടയിലാണ് എന്നൊരു കണ്ടെത്തൽ കൂടി ഇത്തരുണത്തിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ്: സർ, വളർന്നുവരുന്ന തലമുറ പ്രതിസന്ധികളെ അതിജീവിക്കാനുള്ള മനക്കരുത്തില്ലാതെയാണ് നമ്മുടെ രാജ്യത്ത് ആത്മഹത്യ ചെയ്യുന്നത്. ഓരോ എസ്.എസ്.എൽ.സി. പരീക്ഷ കഴിയുമ്പോഴും അനേകം കുട്ടികളാണ് പരാജയംകൊണ്ട് ആത്മഹത്യ ചെയ്യുന്നത്. വിദ്യാർത്ഥികൾക്കും

യുവതലമുറയ്ക്കും ഇതിനെസംബന്ധിച്ച് ബോധവത്ക്കരണം നടത്താൻകൂടി ഗവൺമെന്റ് പരിപാടികൾ ആവിഷ്ക്കരിക്കുമോ?

ഡോ. എം.കെ. മുനീർ: സർ, സ്പെയ്സിന്റെ ഭാഗമായി നടക്കുന്ന ബോധവത്ക്കരണം പ്രത്യേകിച്ചും കുട്ടികളെ കേന്ദ്രീകരിച്ചുകൊണ്ടാണ്. മാത്രവുമല്ല സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി ഹെൽപ്പ് ലൈനുകൾ സ്ഥാപിച്ചുകൊണ്ട് ഇത്തരത്തിലുള്ള സന്ദർഭങ്ങളിൽ അവരെ സഹായിക്കുന്നതിനുവേണ്ടിയും അവർക്ക് എന്തെങ്കിലും ഉപദേശങ്ങൾ കൊടുക്കുന്നതിനുവേണ്ടിയുമുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്.

## (2) വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി

ഡോ. ടി. എം. തോമസ് ഐസക്: സർ, കേരളത്തിലെ വ്യവസായ മേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയെക്കുറിച്ച് വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പൊതുവിൽ സംസ്ഥാനത്തെക്കുറിച്ച് പറയുന്നതിനു പകരം എനിക്ക് കൂടുതൽ ബന്ധമുള്ള ആലപ്പുഴയിലെ വ്യവസായശാലകളെക്കുറിച്ച് സൂചിപ്പിക്കുകയാണ്. കേരളത്തിലെ നമ്മുടെ പൊതുമേഖലാ സ്ഥാപനമാണ് മരുന്നു നിർമ്മിക്കുന്നതിനുള്ള കെ.എസ്.ഡി.പി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 40 കോടി രൂപ മുടക്കി അതിന്റെ ഉത്പാദനശേഷി ഏതാണ്ട് 100 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ വർഷം അതിന്റെ 10 ശതമാനം പോലും ഉത്പാദനം അവിടെ നടക്കില്ല. കാരണം, കേരള സർക്കാർ അവിടെ നിന്ന് മരുന്ന് വാങ്ങിക്കാൻ തയ്യാറല്ല എന്നുള്ളതാണ്. ഒരു കോസ്റ്റ് പ്ലസ് ബേസിൽ മരുന്ന് വാങ്ങുന്നതിൽ എന്താണ് തെറ്റ്. അത് സർക്കാർ നടത്തിക്കോട്ടെ. ബഹുമാനപ്പെട്ട

മുഖ്യമന്ത്രി യോഗം വിളിച്ച് രണ്ടോ മൂന്നോ തവണ തീരുമാനമെടുത്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിച്ചാലും നടപ്പാക്കില്ല എന്ന് ശഠിക്കുന്ന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എങ്ങനെയാണ് അനുവദിച്ചുകൊടുക്കുന്നത്. ഇത് ഗൗരവമായ പ്രശ്നമാണ്. ലളിതമായി പരിഹരിക്കാവുന്ന കാര്യം രണ്ട് വർഷമായിട്ടും നീണ്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. അവിടെ സിൽക്കിന്റെ ഒരു യൂണിറ്റുണ്ട്. നമ്മുടെ ഓട്ടോ കാസ്റ്റിന്റെ റെയിൽവേയുമായിട്ടുള്ള സംയുക്ത സംരംഭത്തെക്കുറിച്ച് ആലോചിച്ചപ്പോൾ, സിൽക്ക് അതിന്റെ ബാധ്യതയൊക്കെ മാറ്റിയിട്ട് അത് റെയിൽവേയുടെ സംരംഭമാക്കി മാറ്റാൻ തീരുമാനിച്ചു. റെയിൽവേ വിട്ടു. ഇപ്പോൾ ഈ സ്ഥാപനം ത്രിശങ്കുവിലാണ്. ഡയറക്ടർ ബോർഡുപോലുമില്ല. അവിടെ തൊഴിലാളികളുണ്ട്, ആസ്ഥിയുണ്ട്. കടബാധ്യതയില്ല. ആകെ നാലോ അഞ്ചോ ലക്ഷം രൂപ കൊടുക്കാനുള്ളതിന്റെ പേരിൽ ബാങ്കുകൾ അവിടത്തെ അക്കൗണ്ടും മരവിപ്പിച്ചിരിക്കുകയാണ്. പിന്നെയെങ്ങനെയാണ് ആ വ്യവസായ സ്ഥാപനം പ്രവർത്തിക്കുന്നത്. ഓട്ടോ കാസ്റ്റ് റെയിൽവേ ഏറ്റെടുത്തില്ല. ഓട്ടോ കാസ്റ്റ് ഇലക്ട്രിസിറ്റി ബോർഡിന് കുറച്ച് പണം കൊടുക്കാനുണ്ട്. 30 വർഷക്കാലത്തെ ചരിത്രത്തിൽ ആദ്യമായി കഴിഞ്ഞതിന്റെ മുമ്പത്തെ വർഷം ആ സ്ഥാപനം ലാഭത്തിലായി. പ്രൊഡക്ഷൻ ബ്രേക്ക് ഈവൻ കപ്പാസിറ്റിയിലെത്തി. എന്നാൽ ഇപ്പോൾ ബി.എഫ്.ആർ.-ന്റെ മുന്നിലാണ്. റിവൈവൽ പാക്കേജ് കൊടുത്തില്ലെങ്കിൽ അത് സിക്കായി ഡിക്ലെയർ ചെയ്യും. പണ്ടത്തെ സ്ഥിതിയിൽ ലേലം വിളിയിലേയ്ക്ക് പോകുന്ന നിലയ്ക്ക് ഓട്ടോ കാസ്റ്റ് വന്നിരിക്കുകയാണ്. കേരള സ്പിന്നേഴ്സിന് നമ്മുടെ സംസ്ഥാനം 46 കോടി രൂപ മുടക്കിയിട്ടുള്ളതാണ്. New Spindles, Airjet Weaving Looms എന്നിവ വാങ്ങിയിട്ടുണ്ട്.

ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടിയിരുന്നില്ല എന്നതാണ് ഏക പ്രശ്നം. കാരണം കുടിശ്ശിക തീർക്കുന്നതിന്, ഇലക്ട്രിസിറ്റി ബോർഡിന്റെ മാത്രം കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിയില്ല. എല്ലാം നോക്കാൻ വേണ്ടി ഹൈക്കോടതി ഒരു അഡ്ജ്യൂഡിക്കേറ്ററെ നിയമിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഒന്നോ രണ്ടോ കോടി രൂപ കൊടുക്കാൻ കഴിയാതിരുന്നത്. ഇതു മാത്രമേ തടസ്സമുണ്ടായിരുന്നുള്ളു. 2 വർഷമായി ഇപ്പോഴും അത് തുറക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ആ മെഷിണറിയുടെ വാറണ്ടി പീരിഡ് കഴിഞ്ഞിട്ടുണ്ട്. ഇനി ആ മെഷിണറി പ്രവർത്തിക്കുമോ, ഇല്ലെങ്കിൽ അത് നന്നാക്കാൻ സാധിക്കുമോ എന്നു പറയാൻ കഴിയാത്ത അവസ്ഥയാണ്. ഇതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ്. 600 തൊഴിലാളിലകൾ പണിയെടുക്കുന്ന ഒരു സ്ഥാപനമാണ് എക്സൽ ഗ്ലാസ്സസ്. അത് പീഡിതവ്യവസായമായിക്കഴിഞ്ഞപ്പോൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വളരെ ഉദാരമായ ഒരു സമീപനം കൈക്കൊണ്ട് ആ സ്ഥാപനം തുറപ്പിച്ചു. പക്ഷെ ഇപ്പോൾ ആ സ്ഥാപനം വീണ്ടും ലോക്കൗട്ടിലാണ്. അന്ന് നമ്മളെ സഹായിച്ച പ്രൊമോട്ടർ അതിൽ നിന്നും പണം സൈഫൺ-ഓഫ് ചെയ്തുകൊണ്ടുപോയിരിക്കുകയാണ്. കെ.എസ്.ഐ.ഡി.സി.-യും കെ.എഫ്.സി-യും അതിന് വായ്പ നൽകിയിട്ടുണ്ട്. പക്ഷെ അത് ഒരു വർഷക്കാലം പ്രോജക്ടിനിടയ്ക്ക് വിറ്റുകിട്ടുന്ന പണം മുംബയിലേയ്ക്ക് കൊണ്ടുപോകുന്നതല്ലാതെ തിരിച്ചിങ്ങോട്ട് വരുന്നില്ല. ഇപ്പോൾ അവർ വന്ന് അത് വേണം ഇതുവേണമെന്ന് പറഞ്ഞ് സർക്കാരിനോട് വിലപേശിക്കൊണ്ടിരിക്കുകയാണ്. അതേസമയം അലിൻഡ് തന്നെ സർക്കാരുമായി ധാരണയിലെത്താൻ വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള ഒരു തട്ടിപ്പുവീരനെ എങ്ങനെയാണ് നമ്മൾ വെറുതെ വിടുന്ന

ത്. ഇത് ഗൗരവമായി കാണണം. ഒരു വ്യവസായം വന്നു നിന്നിട്ട് ഇത് നമ്മുടെ സംസ്ഥാന സർക്കാരിനെ കൊഞ്ഞനം കാണിക്കുകയാണ്. ഈ സ്ഥാപനം എങ്ങനെയെങ്കിലും തുറക്കട്ടെയെന്നുപറഞ്ഞ് ഞാൻ വളരെയേറെ മുൻകൈയെടുത്ത് സഹായിച്ചതാണ്. പക്ഷെ എനിക്ക് ഉത്തമ ബോധ്യമുണ്ട് പണം സൈഫൺ-ഓഫ് ചെയ്തുകൊണ്ടുപോയിരിക്കുകയാണ്. ഞാൻ അവിടെ **ഹോംകോവിന്റെ** ഒരു പുതിയ ഫാക്ടറി യൂണിറ്റ് പ്രഖ്യാപിച്ചു. പണ മുണ്ട്, കേന്ദ്ര സർക്കാരിൽ നിന്നുള്ള വിഹിതം കിട്ടിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതം രണ്ടുവർഷം മുമ്പ് കൊടുത്തതാണ്. കെ.എസ്.ഡി.പി-യുടെ രണ്ടര ഏക്കർ സ്ഥലം മാറ്റി വയ്ക്കുകയും ചെയ്തു. ഇതുവരെ തറക്കല്ലിടാൻ കഴിഞ്ഞിട്ടില്ല. എന്താണ് കാരണം? ഞാൻ ഇപ്പോൾ ഒരു ജില്ലയിലെ വ്യവസായങ്ങളുടെ ദുർഗതിയാണ് പറഞ്ഞത്. ആരെയെ ങ്കിലും കുറ്റപ്പെടുത്താനോ വിമർശിക്കാനോ ഒന്നുമല്ല ഇവിടെ പറഞ്ഞത്. ഇതെങ്ങനെയെങ്കിലും ഒന്ന് തുറന്ന് പ്രവർത്തിപ്പിക്കാൻ വേണ്ടിയാണ്. അതിന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി മുൻകൈയെടുക്കണം. ഇതിനുവേണ്ടി എന്താണ് ചെയ്യാനുദ്ദേശിക്കുന്നത് എന്നതിനെക്കുറിച്ച് വിശദീ കരണം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഡോ. ടി. എം. തോമസ് ഐസക് മൂന്നുനാല് കമ്പനികളെക്കുറിച്ചാണ് പറഞ്ഞത്. അതിൽ കെ.എസ്. ഡി.പി.-ക്ക് മെഡിക്കൽ കോർപ്പറേഷനിൽ നിന്ന് ആവശ്യത്തിന് ഓർഡർ ലഭി ക്കുന്നില്ലായെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. ഈ വിഷയം സംബന്ധിച്ച് പല പ്രാവശ്യം ഞാനും അവസാനമിപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും

മീറ്റിംഗ് വിളിച്ചുകൂട്ടി തീരുമാനമെടുത്തെങ്കിലും അത് നടപ്പിലായിട്ടില്ല. ഈ വിഷയം ഇന്നലെമുതൽ വീണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ യിൽപ്പെടുത്തുന്നുണ്ട്. ഇങ്ങനെ ഓർഡർ ലഭിക്കാതിരുന്നാൽ ശരിയാവുക യില്ല. കാരണം മെഡിക്കൽ സപ്ലൈ ഉദ്ദേശിച്ച് തുടങ്ങിയ ഒരു പൊതുമേഖലാ സ്ഥാപനമാണത്. അവിടെനിന്നും സാധനങ്ങൾ എടുക്കാൻ ബുദ്ധിമുട്ടുണ്ടാ കേണ്ടതല്ല. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും, ഇപ്പോൾ ആന്ധ്രാപ്രദേശ് ഗവൺമെന്റിൽ നിന്നും നാല് കോടിയോളം രൂപയുടെ ഓർഡർ ലഭിച്ചിട്ടുണ്ട്. ഈ പ്രശ്നം വീണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ലെവലിൽ മെഡി ക്കൽ ഡിപ്പാർട്ടുമെന്റുമായി സംസാരിച്ച് പരിഹരിക്കാൻവേണ്ടി ശ്രമിക്കുക യാണ്. ഇതിൽ കുറച്ച് പ്രശ്നങ്ങൾ നിലവിലുണ്ട്. ഈ വിഷയം സംബ ന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുമായി സംസാരിക്കാൻ തയ്യാറാണ്. ജി.എം.പി. സർട്ടിഫിക്കേഷൻ (*ഗുഡ് മാനുഫാക്ച്ചറിംഗ് പ്രാക്ടീസ് സർട്ടിഫിക്കേഷൻ*) ലഭിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നുണ്ട്. അത് ലഭിച്ചുക ഴിഞ്ഞാൽ കാര്യങ്ങൾ കുറച്ചുകൂടി മെച്ചപ്പെടും. കേരളത്തിൽ ഉൽപ്പാദിപ്പി ക്കുന്ന എല്ലാതരം മരുന്നുകളുടെയും ബിവറേജസ് കോർപ്പറേഷൻ ഉൽപ്പാദി പ്പിക്കുന്ന മദ്യത്തിന്റെയും സാമ്പിൾ ടെസ്റ്റ് ചെയ്യുന്നതിനുമുള്ള ഒരു സംവി ധാനം ലാബിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇതെല്ലാം അതിന് കുറ ച്ചുകൂടി ഗുണമുണ്ടാക്കും. ഇത് സംബന്ധിച്ച് ഒരു പുരോഗതിയുണ്ടാക്കുന്നതി നുള്ള ഒരു നടപടി ഗവൺമെന്റ് തുടരുകയാണ്. അതുകൊണ്ടുതന്നെ പൊതു വിൽ ആലപ്പുഴ ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുമായി സംസാരി ക്കാൻ തയ്യാറാണ്. ഓട്ടോകാസ്റ്റ് കമ്പനിയെക്കുറിച്ച് ഇവിടെ പരാമർശിക്കുക യുണ്ടായി. ഓട്ടോകാസ്റ്റ് എന്നും നഷ്ടമുണ്ടാക്കി വരുന്ന സ്ഥാപനമാണ്.

ഒരുപ്രാവശ്യം കടങ്ങളെല്ലാം എഴുതിത്തള്ളിയപ്പോൾ ചെറിയ ലാഭമുണ്ടായി എന്നേയുള്ളൂ. അദ്ദേഹം ധനകാര്യ മന്ത്രിയായിരുന്നപ്പോൾ വളരെയധികം താൽപ്പര്യമെടുത്തിരുന്നു. അതുകൊണ്ടാണ് അന്ന് അതിന് കഴിഞ്ഞത്. ഓട്ടോകാസ്റ്റ് ആരോഗ്യകരമായി പ്രവർത്തിക്കുന്നില്ല. റെയിൽവേയുമായി ബന്ധപ്പെട്ട് 2008-2009-ൽ ചില തീരുമാനങ്ങളുണ്ടായെങ്കിലും പിന്നീട് അത് മുന്നോട്ടുപോയിട്ടില്ല. റെയിൽവേയുടെ സാമ്പത്തിക സ്ഥിതി വളരെ മോശമായതുകൊണ്ട് റെയിൽവേ ഇപ്പോൾ താൽപ്പര്യം കാണിക്കുന്നുമില്ല. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന്റെ കാര്യവും അതുതന്നെയാണ്. സിൽക്കിൽ (*സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കേരള*) നിന്നെല്ലാം ഡീ-ലിങ്ക് ചെയ്ത് റെയിൽവേയുമായിട്ടുള്ള കാര്യങ്ങൾക്ക് ഒരുങ്ങിയെങ്കിലും ഒന്നും നടന്നില്ല. ഇനി എന്തുചെയ്യണമെന്നുള്ളത് ഒരു കൂട്ടായ ചർച്ചയിലൂടെ ആലോചിക്കേണ്ട വിഷയമാണ്. പൊതുമേഖലാ സ്ഥാപനമെന്നുള്ള നിലയിൽ ഓട്ടോകാസ്റ്റിനെയും ഫോർജിംഗ്സിനെയും മറ്റെന്തെങ്കിലും നിലയ്ക്ക് നേരെയാക്കേണ്ടി വരും. വൈദ്യുതി വകുപ്പുമന്ത്രിയുമായും ഈ വിഷയത്തെ സംബന്ധിച്ച് സംസാരിക്കുന്നുണ്ട്. എക്സൽ ഗ്ലാസിന്റെ കാര്യം പറഞ്ഞത് ശരിയാണ്. അതിന്റെ പ്രവർത്തനം ആരംഭിച്ചത് ഈ ഗവൺമെന്റിന്റെ കാലത്താണ്. ഒരുപാട് മുൻനടപടികളുടെയെല്ലാം ഗുണമുണ്ടായിട്ടുണ്ട്. 2011 സെപ്റ്റംബറിലാണ് കമ്പനി തുറന്നത്. ഇപ്പോൾ വീണ്ടും ലോക്കൗട്ട് നടക്കുകയാണ്. തൊഴിൽ സമരമാണെന്നാണ് പറയുന്നത്. ഒരുപാട് ലോൺ ബാധ്യതകൾ അടച്ചുതീർക്കാനുണ്ട്, കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി. ഇതിനൊന്നും കുടിശ്ശിക അടച്ചിട്ടില്ല. മാത്രമല്ല, ചോദിക്കുന്ന കൺസഷനൊന്നും കൊടുക്കാൻ സാധിക്കാത്തതാണ്. സെയിൽസ് ടാക്സ്,

ഇലക്ട്രിസിറ്റി താരിഫ്, വാറ്റ് റിലീഫ്, ഇതുകൂടാതെ raw materials വളരെ കുറഞ്ഞ വിലയ്ക്കാണ് ചോദിക്കുന്നത്. കൈപൊള്ളിപ്പോകുന്ന തീരുമാനങ്ങ ളാണ് raw materials-ന്റെ കാര്യത്തിൽ കൺസഷനായി ആവശ്യപ്പെടുന്നത്. അത് കൊടുത്തിട്ടില്ല. ഇതിന്റെ ഒരു ക്രെഡിബിലിറ്റിയെക്കുറിച്ച് അദ്ദേഹം പറഞ്ഞു, വ്യവസായ മന്ത്രിയായതുകൊണ്ട് അതിനെക്കുറിച്ച് ഞാൻ പറയുന്നി ല്ല. എന്തായാലും ശരി ചോദിക്കുന്ന ആനുകൂല്യങ്ങൾ വളരെ കൂടുതലാണ്. ജനപ്രതിനിധികളും മുൻമന്ത്രിമാരുമൊക്കെയായി ഇത് സംബന്ധിച്ച് ചർച്ച നടത്തി എങ്ങനെ മുന്നോട്ട് പോകാമെന്നതിനെപ്പറ്റി ആലോചിക്കാം. പൊതു മേഖലാ സ്ഥാപനങ്ങളെയും ജോയിന്റ് സെക്ടർ കമ്പനികളെയുമെല്ലാം ശരി യായി പ്രവർത്തിപ്പിക്കുന്നതിനുള്ള ശ്രമം ഗവൺമെന്റ് തുടരും.

ഡോ. ടി. എം. തോമസ് ഐസക്: സർ, കെ.എസ്.ഡി.പി.സി., സിൽക്ക്, ഓട്ടോകാസ്റ്റ്, കേരളാ സ്പിന്നേഴ്സ്, എക്സൽ ഈ ഫാക്ടറികളിൽ നിലവി ലുള്ള പ്രശ്നങ്ങളാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. നമുക്കൊരു അരദിവസം എടുത്തുകഴിഞ്ഞാൽ, ഒരുമിച്ചല്ല ഒരുമിച്ച് ചർച്ച ചെയ്യാൻ കഴിയു കയില്ല, ഓരോമണിക്കൂറോ അരമണിക്കൂറോ വച്ച് ഓരോ വ്യവസായത്തിനും ഒരു കോൺഫറൻസ് സീരീസ് അരദിവസംകൊണ്ട് നടത്താൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, തീർച്ചയായും ഞാൻ അതിന് തയ്യാറാണ്. സീരിയസ്സായി ആലോചിക്കേണ്ട വിഷയം ഈ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളമുണ്ട്. അങ്ങനെയൊരു മീറ്റിംഗ് നടത്താം.

## വനിതാ എം.എൽ.എ-മാരെ കൈയേറ്റം ചെയ്യൽ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) സർ, വനിതാ എം.എൽ.എ.-മാരുടെ നേരെ പോലീസ് കാണിച്ച കയ്യേറ്റവും മർദ്ദനവും അപമാനിക്കൽ നടപടികളുമെല്ലാംതന്നെ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അവർതന്നെ ഈ സഭയോട് തങ്ങൾക്കുണ്ടായ അനുഭവങ്ങൾ സംബന്ധിച്ച് വിവരിക്കുകയും ചെയ്തിട്ടുള്ളതാണ്. അത് സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ നിലപാട് നാളെ നാളെ എന്നുള്ള നിലയിൽ നീളുകയാണ്. ഈ നിലയിലുള്ള സമീപനം ശരിയല്ല എന്ന് സൂചിപ്പിക്കുന്ന വിധത്തിൽ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട സ്പീക്കർ തന്നെ അഭിപ്രായപ്രകടനം നടത്തിയിട്ടുണ്ട്. എന്നിട്ടും ആഭ്യന്തര വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും ഈ പ്രശ്നത്തെ സംബന്ധിച്ച് റീ-തിങ്കിംഗ് ഉണ്ടായിട്ടുണ്ടോ ഇല്ലയോ എന്നറിയാൻവേണ്ടിയാണ് ഞാൻ ഈ ശ്രമം നടത്തുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) സർ, ഇവിടെയുണ്ടായ സംഭവത്തെ സംബന്ധിച്ച് പല പ്രാവശ്യം സഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. ഇത് സംബന്ധിച്ച് ഗവൺമെന്റ് ഓപ്പൺ മൈന്റോടുകൂടി ഒരു നിലപാടെടുക്കുമെന്ന് തുടക്കം മുതലേ പറഞ്ഞിട്ടുണ്ട്. മാത്രമല്ല, ഈ പ്രശ്നം ഉന്നയിച്ചയുടൻതന്നെ എ.ഡി.ജി.പി. ശ്രീ. ഹേമചന്ദ്രനെക്കൊണ്ട് ഗവൺമെന്റ് ഈ വിഷയം അന്വേഷിപ്പിച്ചു. ആ അന്വേഷണ റിപ്പോർട്ടിനകത്തെ ഒരു ഭാഗത്തെ സംബന്ധിച്ച് പിന്നീട് അങ്ങ് ഈ സഭയിൽ പരാമർശിക്കുകയുണ്ടായി. ഈ വിഷയത്തിന്റെ എല്ലാ ഭാഗങ്ങളും ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ട്. ആ കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനും പലവട്ടം ഇവിടെ ഓർമ്മിപ്പിക്കുകയും ചെയ്തു.

ശ്രീ. ഹേമചന്ദ്രന്റെ റിപ്പോർട്ടിനകത്തെ ഒരു ഭാഗം അങ്ങ് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഞങ്ങൾ അത് പരിശോധിക്കുകയും ചെയ്തു, 'I direct the District Police Chief, Trivandrum City to go into the matter in greater detail and initiate appropriate corrective steps' എന്നുള്ളതാണ് ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഇതിന്റെ എല്ലാ കാര്യങ്ങളും പരിശോധിക്കുകയും അന്ന് ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥ, സാധാരണ ഒരു ഡ്യൂട്ടിക്കിടെയുണ്ടായ സംഭവത്തിൽ എന്തെങ്കിലുമൊരു പ്രശ്നമുണ്ടായാൽ അതിന്റെ ഉത്തരവാദിത്വം വരുന്നത് ഡ്യൂട്ടിയുടെ ടീം ലീഡർക്കാണ്. അതുകൊണ്ട് ഡ്യൂട്ടിയിലുണ്ടായിരുന്ന വനിതാ എസ്.ഐ. ശ്രീമതി കെ.കെ. രമണിയെ സസ്പെന്റ് ചെയ്യുന്നതിനുവേണ്ടി, നടപടി എടുക്കുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ട്.